## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 138**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ പ്രിയരേ,

സഭയിലെ മുതിർന്ന പൗരരുടെ മാനസികവും ആത്മീകവും ധാർമ്മീകവും സാംസ്കാരികവുമായ വളർച്ചയ്ക്കും ശാക്തീകരണത്തിനും ശാരീരിക സൗഖ്യത്തിനും സഹായം നൽകുന്നതിനും സഭയിലും സമൂഹത്തിലുമുള്ള എല്ലാ മുതിർന്ന ആളുകൾക്കും കൂട്ടായ്മയും സഹകരണവും സാന്ത്വനവും ഉറപ്പ് വരുത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിലനിർത്തുന്നതിനു യത്നിക്കുന്നതിനും കുടുംബത്തിലും ഇടവകയിലും സഭയിലും ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുന്നതിനും ആരാധനയിലും സഭാ ശുശ്രൂഷകളിലും സുവിശേഷ പ്രഘോഷണത്തിലും അവരെ സജ്ജരാക്കുന്നതിനും മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് സഭയുടെ അംഗീകൃത സ്ഥാപനയായി പ്രവർത്തിച്ചുവരികയാണല്ലോ. ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ അനുഗ്രഹകരമായി നടക്കുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കാം.

അറുപത് വയസ്സും അതിൽ കൂടുതലും പ്രായമുള്ളവർക്കാണ് സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിൽ അംഗങ്ങൾ ആകാവുന്നത്. ഇവരിൽ ആരോഗ്യം ഉള്ളവരും സ്വഭവനങ്ങളിൽ മാത്രം കഴിയുന്നവരും തീർത്തും ശയ്യാവലംബികളുമായവരും ഉണ്ട്. മുതിർന്ന പൗരരുടെ താലന്തുകളും അനുഭവജ്ഞാനവും ഇടവക പ്രയോജനപ്പെടുത്തുന്നത് സഭയുടെ ദൗത്യനിർവ്വഹണത്തിന് പ്രയോജനകരമാണ്. ദൈവം നൽകിയിട്ടുള്ള ആയുസ്സും ആരോഗ്യവും ഫലപ്രദമായി വിനിയോഗിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കണം. ഈ കൂട്ടായ്മ ശക്തമായി മുമ്പോട്ട് കൊണ്ടുപോകേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്. ദൈവം നടത്തിയ വഴികൾക്ക് നന്ദി പ്രകാശിപ്പിക്കുന്നതിനും സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും ആയി സെപ്റ്റംബർ മാസത്തെ മൂന്നാം ഞായറാഴ്ച മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് ഞായർ ആയി സഭ വേർതിരിച്ചിരിക്കുന്നു. ഈ വർഷം സെപ്റ്റംബർ 15-ാം തീയതി ആണ് സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് ഞായർ. എല്ലാ ഇടവകകളിലും ഈ ദിനം അർത്ഥവത്തായും സമുചിതമായും ആചരിക്കുകയും അന്നേ ദിവസം മുതിർന്ന പൗരർക്ക് ആരാധനയിൽ വിവിധ ശുശ്രൂഷകളിൽ നേതൃത്വം നൽകുന്നതിന് അവസരം നൽകുകയും വേണം.

ശാഖാ, സെന്റർ, ഭദ്രാസന തലങ്ങളിൽ ഓരോ പ്രദേശത്തെയും സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രവർത്തനങ്ങൾ നടത്തി ക്രിസ്തീയ സാക്ഷ്യത്തിൽ മുന്നേറണം. തങ്ങളുടെ അനുഭവങ്ങളും സ്വായത്തമാക്കിയിട്ടുള്ള ക്രിസ്തീയ മൂല്യങ്ങളും പുതുതലമുറയ്ക്ക് പങ്കിടുന്നതിനും സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് അംഗങ്ങൾ ശ്രദ്ധിക്കണം.

സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യശുശ്രൂഷയിൽ വർദ്ധിച്ചുവരുന്നതിനും ഇടവകയ്ക്ക് ആത്മീയ അഭിവൃദ്ധിയും സമൂഹത്തിന് നന്മയും ഉണ്ടാകുന്നതിനും എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും നൽകണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെയിരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2024 ആഗസ്റ്റ് മാസം 19-ാം തീയതി

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No: 138**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

The Mar Thoma Senior Citizens Fellowship has been functioning as an official organization of the Church with the objectives of assisting in the mental, spiritual, moral and cultural growth, empowerment and physical healing of the senior citizens of the Church, ensuring fellowship, cooperation and comfort to all senior citizens in the Church and society and to strive to keep them in the mainstream of society, equipping them to carry out Christian witness in the family, parish and Church and to participate in worship, church services and proclamation of the Word of God. Let us praise God for the activities of the Fellowship being blessed in various areas.

Membership of the Senior Citizens Fellowship is open to those aged sixty years and above. Among them there are people who are healthy, people who stay at home, and people who are completely bedridden. Leveraging the talents and experience of senior citizens will be beneficial to the mission of the Church. They should be encouraged to make effective use of the life and health that God has given them. It is the need of the day that the activities of the Fellowship progress powerfully. The Church has set apart the third Sunday of September as the Mar Thoma Senior Citizens Fellowship Sunday, to thank God for the ways he has led the Senior Citizens Fellowship and to strengthen its activities. This year, the Senior Citizens Fellowship Sunday is to be observed on 15$^{th}$ September. In all parishes, this day should be observed meaningfully and appropriately, and senior citizens should be given the opportunity to lead various services in worship on that day.

Activities must be carried out at the Sakha, Centre, and Diocesan levels according to the context of each region, thus enhancing the Christian witness. Members of the Senior Citizens Fellowship should share their experiences and acquired moral values with the new generation.

All are exhorted to pray and cooperate in the work of the Senior Citizens Fellowship, through which the ministry of God's kingdom is strengthened, for the spiritual development of the parish, and the betterment of the society.

Grace be with you all.

Dated 19$^{th}$ August 2024 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**

**മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് ഞായർ**
**2024 സെപ്റ്റംബർ 15**
**ആരാധന ക്രമം**
*(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോട് കൂടിയത്)*

**ആരാധനാഹ്വാനം**

*'ഞാൻ യഹോവയെ എല്ലാകാലത്തും വാഴ്ത്തും; അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും. എന്റെ ഉള്ളം യഹോവയിൽ പ്രശംസിക്കുന്നു. എളിയവർ അതു കേട്ടു സന്തോഷിക്കും. എന്നോടു ചേർന്ന് യഹോവയെ മഹിമപ്പെടുത്തുവിൻ; നാം ഒന്നിച്ച് അവന്റെ നാമത്തെ ഉയർത്തുക.'* (സങ്കീർത്തനം 34:1–3)

**പാട്ട് – ക്രിസ്തീയ കീർത്തനം 31** (ആശിസ്സാം മാരിയുണ്ടാകും)

**കൗമ്മാ**

**പ്രാരംഭ പ്രാർത്ഥന**

ഞങ്ങളുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവമേ, ദൈവത്തിന്റെ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ സൃഷ്ടിച്ച് ഭൂമിയിൽ നിന്റെ ഇഷ്ടം നിറവേറ്റാനായി നിയോഗിച്ചിരിക്കുന്നതിനായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. ക്രൂശിലെ മരണത്തിലൂടെയും ഉയിർത്തെഴുന്നേല്പിലൂടെയും സകലർക്കും അനശ്വര ജീവൻ സാധ്യമാക്കിയതിനായി യേശു കർത്താവേ നിന്നെ ഞങ്ങൾ വന്ദിക്കുന്നു. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുകയും നിരന്തരം ഞങ്ങളെ പുതുക്കുകയും ശക്തീകരിക്കുകയും ചെയ്യുന്ന ആശ്വാസപ്രദനായ പരിശുദ്ധറൂഹായേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. മുതിർന്ന പൗരരുടെ ദിനമായി ആഘോഷിക്കുന്ന ഈ അവസരം ഞങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവാനും ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവാനും ഇന്നത്തെ ആരാധനയും എല്ലാ ശുശ്രൂഷകളും മുഖാന്തിരമാക്കിത്തീർക്കണമെന്ന് ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ – ആമേൻ.

**അനുതാപ പ്രാർത്ഥന**

*ഓരോ പ്രാർത്ഥനയ്ക്കും ശേഷം* '**ഞങ്ങളോട് ക്ഷമിക്കേണമേ**' *എന്ന് പ്രതിവാക്യമായി പറയണം.*

(1) പ്രകാശിക്കുന്നതിനായി പ്രകാശിക്കപ്പെട്ട ഞങ്ങൾ ദൈവ സ്നേഹത്തിന്റെ പ്രഭ വാക്കിലൂടെയും ജീവിത സാക്ഷ്യത്തിലൂടെയും മറ്റുള്ളവരിലേക്ക് പകരുന്നതിൽ പരാജയപ്പെടുന്നതും ഞങ്ങൾക്ക് ലഭിച്ച അനുഭവ സമ്പത്ത്, പണം, സമയം, താലന്തുകൾ എന്നിവ ദൈവയിഷ്ട പ്രകാരം വിനിയോഗിക്കാതെ ഞങ്ങളുടെ മാത്രം സുഖസൗകര്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കുറവുകളെ കർത്താവേ...

പ്രതിവാക്യം: **ഞങ്ങളോട് ക്ഷമിക്കേണമേ**

(2) ഞങ്ങളുടെ പൂർവ്വ മാതാപിതാക്കളിലൂടെ ഞങ്ങൾക്ക് ലഭിച്ച നിർവ്യാജ വിശ്വാസം, നവീകരണ മൂല്യങ്ങൾ, സുവിശേഷതത്പരത, സാമൂഹ്യപ്രതിബദ്ധത, എന്നിവ തലമുറകളെ പഠിപ്പിക്കുന്നതിൽ ഉദാസീനരായി പോകുന്ന ഞങ്ങളുടെ കുറവുകളെ കർത്താവേ...

പ്രതിവാക്യം: **ഞങ്ങളോട് ക്ഷമിക്കേണമേ**

(3) നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്, ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ, എന്ന കർത്താവിന്റെ ഉപദേശം ഗണ്യമാക്കാതെ ആകുല ചിന്തയിലും മനോവ്യസനത്തിലും ആശങ്കയിലും ജീവിക്കുന്ന ഞങ്ങളുടെ കുറവുകളെ കർത്താവേ...

പ്രതിവാക്യം: **ഞങ്ങളോട് ക്ഷമിക്കേണമേ**

**സ്തോത്ര പ്രാർത്ഥന**

*ഓരോ പ്രാർത്ഥനയ്ക്കും ശേഷം* **'ഞങ്ങൾ നിന്നെ സ്തുതിക്കുന്നു'** *എന്ന് പ്രതിവാക്യമായി പറയണം.*

(1) ദൈവത്തിന്റെ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ സൃഷ്ടിച്ച് തേജസ്സും ബഹുമാനവും അണിയിച്ച് ദൈവം നല്ലതെന്ന് കണ്ട മനോഹരമായ ഈ ഭൂമിയിൽ വേല ചെയ്‌വാനും കാപ്പാനും ഞങ്ങളെ നിയോഗിച്ചതിനായി കർത്താവേ...

പ്രതിവാക്യം: **ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.**

(2) ഞങ്ങൾക്ക് സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും മാതാപിതാക്കളെയും സഹോദര സഹോദരികളെയും ജീവിത പങ്കാളികളെയും മക്കളെയും അയൽക്കാരെയും സ്നേഹിതരെയും നൽകിയതിനായും സത്യവിശ്വാസവും നവീകരണമൂല്യങ്ങളും സുവിശേഷ തീക്ഷ്ണതയും തലമുറകളിലേക്ക് പകർന്ന ഞങ്ങളുടെ പൂർവ്വ മാതാപിതാക്കളുടെ ത്യാഗോജ്ജ്വല ജീവിതത്തിനായും കർത്താവേ...

പ്രതിവാക്യം: **ഞങ്ങൾ നിന്നെ സ്തുതിക്കുന്നു**

(3) കൃഷി, സാമൂഹ്യം, രാഷ്ട്രീയം, സാംസ്കാരികം, സാമ്പത്തികം, നീതി–ന്യായം, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നീതിബോധത്തോടും അഴിമതിരഹിതമായും സുതാര്യമായും ക്രൈസ്തവ സാക്ഷ്യം നിറവേറ്റിയവരും ഇപ്പോൾ പ്രവർത്തിക്കുന്നവരുമായ എല്ലാവരുടെയും മാതൃകാപരമായ ജീവിതത്തിനായി കർത്താവേ...

പ്രതിവാക്യം: **ഞങ്ങൾ നിന്നെ സ്തുതിക്കുന്നു**

**91–ാം സങ്കീർത്തനം** (വാക്യം പ്രതിവാക്യമായി ചൊല്ലാം)

1. അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കയും ചെയ്യുന്നവൻ
2. യഹോവയെക്കുറിച്ചു അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു.
3. അവൻ നിന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും.
4. തന്റെ തൂവലുകൾകൊണ്ടു അവൻ നിന്നെ മറയ്ക്കും; അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും; അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു.
5. രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും
6. ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരത്തെയും നിനക്കു പേടിപ്പാനില്ല.
7. നിന്റെ വശത്ത് ആയിരം പേരും നിന്റെ വലത്തുവശത്ത് പതിനായിരം പേരും വീഴും, എങ്കിലും അതു നിന്നോട് അടുത്തുവരികയില്ല.
8. നിന്റെ കണ്ണുകൊണ്ടു തന്നെ നീ നോക്കി ദുഷ്ടന്മാർക്കു വരുന്ന പ്രതിഫലം കാണും.
9. യഹോവേ, നീ എന്റെ സങ്കേതമാകുന്നു; നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കി ഇരിക്കുന്നു.
10. ഒരു അനർഥവും നിനക്കു ഭവിക്കയില്ല; ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കയില്ല.
11. നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും;
12. നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന് അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും.
13. സിംഹത്തിന്മേലും അണലിമേലും നീ ചവിട്ടും; ബാലസിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിച്ചുകളയും.
14. അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും; അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും.
15. അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന് ഉത്തരമരുളും; കഷ്ടകാലത്ത് ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും.
16. ദീർഘായുസ്സുകൊണ്ട് ഞാൻ അവനു തൃപ്തിവരുത്തും; എന്റെ രക്ഷയെ അവന് കാണിച്ചുകൊടുക്കും.

**മദ്ധ്യസ്ഥ പ്രാർത്ഥന**

(1) പ്രകൃതിദുരന്തങ്ങളാൽ കഷ്ടതയനുഭവിക്കുന്നവർക്കായി പ്രാർത്ഥിക്കാം. വയനാട്ടിലെ ഉരുൾപൊട്ടലിൽ മരണമടഞ്ഞവരുടെ ദുഖാർത്തരായ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായും സമാധാനത്തിനായും പ്രാർത്ഥിക്കാം. അവിടുത്തെ പുനരധിവാസപ്രവർത്തനങ്ങൾ നാടിനും ജനങ്ങൾക്കും പ്രയോജനകരമായിത്തീരുന്നതിന് പ്രാർത്ഥിക്കാം. ***(മൗനമായി പ്രാർത്ഥിക്കാം)***

(2) എല്ലാ മുതിർന്ന പൗരർക്കു വേണ്ടിയും പ്രാർത്ഥിക്കാം. വിവിധ മേഖലകളിൽ സജീവമായി ശുശ്രൂഷ ചെയ്യുന്നവർ, ഔദ്യോഗിക ജോലിയിൽ നിന്ന് വിരമിച്ചവർ, വാർദ്ധക്യത്തിലും ക്ഷീണത്തിലും കഴിയുന്നവർ, രോഗികളായി ആശുപത്രികളിലും ഭവനങ്ങളിലും ചികിത്സയിൽ ആയിരിക്കുന്നവർ, ജീവിത പങ്കാളികൾ വേർപെട്ടവർ, പ്രിയപ്പെട്ടവരുടെ വേർപാടിൽ ദു:ഖിച്ചിരിക്കുന്നവർ, ജീറിയാട്രിക് കെയർ ഹോമുകളിൽ പാർക്കുന്നവർ, വേണ്ട കരുതൽ ലഭിക്കാത്ത നിസ്സഹായരായ രോഗികൾ, വൃദ്ധർ എന്നിവരുടെ സൗഖ്യത്തിനും സന്തോഷകരവും സമാധാനപരവുമായ ജീവിതത്തിനായും നമുക്ക് പ്രാർത്ഥിക്കാം. ***(മൗനമായി പ്രാർത്ഥിക്കാം)***

(3) ലോകമെങ്ങുമുള്ള ക്രിസ്തീയ സഭകൾക്കായും വിശേഷിച്ച് മാർത്തോമ്മാ സഭയ്ക്കായും പ്രാർത്ഥിക്കാം. അഭിവന്ദ്യ മെത്രാപ്പോലീത്താ, സഫ്രഗൻ മെത്രാപ്പോലീത്താമാർ, എപ്പിസ്ക്കോപ്പാമാർ, പട്ടക്കാർ, സുവിശേഷകർ, സേവിനിമാർ, ആശ്രമാംഗങ്ങൾ, ദയറായക്കാർ, സന്യാസിനി സമൂഹാംഗങ്ങൾ, വിശ്വാസ സമൂഹം എന്നിവർക്കായും സഭയിലെ എല്ലാ പ്രസ്ഥാനങ്ങൾക്കായും വിശേഷിച്ച് ഹോസ്പീസ്, ജീറിയാട്രിക് കെയർ ഹോമുകൾ, പാലിയേറ്റിവ് കെയർ യൂണിറ്റുകൾ എന്നിവയ്ക്കായും അവിടങ്ങളിൽ പ്രവർത്തിക്കുന്നവർക്കായും നമുക്ക് പ്രാർത്ഥിക്കാം. സംഗതമായ ക്രിസ്തീയ സാക്ഷ്യം നിറവേറ്റാൻ സഭയെ ശക്തീകരിക്കണമേ എന്ന് പ്രാർത്ഥിക്കാം. ***(മൗനമായി പ്രാർത്ഥിക്കാം)***

**സമർപ്പണ പ്രാർത്ഥന**

ഞങ്ങളുടെ കർത്താവും ദൈവവുമേ, ദൈവം നൽകിയ അമൂല്യമായ ജീവിതം ദൈവയിഷ്ടപ്രകാരം അർത്ഥപൂർണ്ണമായി ജീവിക്കുവാൻ ഞങ്ങളെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ ഞങ്ങളിലും ഉണ്ടാകുവാനുള്ള മനസ്സൊരുക്കം ഞങ്ങൾക്ക് നൽകണമേ. സത്യമായത് ഒക്കെയും ഘനമായത് ഒക്കെയും നീതിയായത് ഒക്കെയും രമ്യമായത് ഒക്കെയും സൽക്കീർത്തിയായത് ഒക്കെയും സദ്ഗുണമോ പുകഴ്ചയോ അത് ഒക്കെയും ചിന്തിച്ചു കൊൾവാനും ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ ലാക്കിലേക്ക് ഓടുവാനും ഞങ്ങളെ അർപ്പിക്കുന്നു. ഞങ്ങൾ ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ പുറപ്പെടുവിച്ച് ദൈവത്തിൽ ആശ വച്ച് നന്മ ചെയ്ത് സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി ജീവിപ്പാൻ ഞങ്ങളെ നിന്റെ കരങ്ങളിൽ സമർപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ.

ആമേൻ.